# പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2180 08.12.2014 ന് മറുപടിയ്ക്ക്.

## ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട് പദ്ധതി (HRMLP)

ചോദ്യം

ശ്രീ.എ.കെ.ബാലൻ

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി)

(എ) ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട് (HRMLP) സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കുന്നത്;

(എ) ഉണ്ട്. സംസ്ഥാനത്ത് മൂന്നാർ ലാന്റ്സ്കേപിന്റെ ഭാഗമായി കണക്കാക്കിയിട്ടുള്ള ദേവികുളം, ഉടുമ്പൻചോല, കോതമംഗലം, കുന്നത്തുനാട്, മുകുന്ദപുരം എന്നീ 5 താലൂക്കുകളിലാണ് ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട് (HRML Project) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ; ഏത് ഏജൻസി/ സ്ഥാപനം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്;

(ബി) മൂന്നാർ ഭൂപ്രദേശത്തിന് മൊത്തമായ ഒരു പരിസ്ഥിതി ജൈവ വൈവിദ്ധ്യ സംരക്ഷണ പദ്ധതി മറ്റ് വകുപ്പുകളുടേയും ഏജൻസികളുടേയുമെല്ലാം താല്പര്യം കണക്കിലെടുത്തുകൊണ്ട് തയ്യാറാക്കുക, പ്രദേശത്തെ വന്യജീവി സങ്കേതങ്ങളുടെ പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തുക, ഊർജ്ജക്ഷമത വർദ്ധിപ്പിക്കുക, ഇടമലക്കുടിയിലെ ആദിവാസികളുടെ ഉന്നമനത്തിനായുള്ള സാങ്കേതിക സഹായങ്ങളൊരുക്കുക, ടൂറിസം, ഏലം, തേയില മേഖലകളുടെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സാങ്കേതിക സഹായം നല്കുക തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ.

ഐക്യരാഷ്ട്ര സംഘടനയുടെ ഘടകസംഘടനയായ UNDP മുഖേന, ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി (GEF) യുടെ ധനസഹായത്തോടെ കേരള സംസ്ഥാന വനം വകുപ്പ് വഴി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയമാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) പദ്ധതി നടപ്പാക്കുന്നതിന് വിദേശ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; എത്ര രൂപയുടേതാണ് വാഗ്ദാനം; ഏത് രാജ്യത്തെഏത് ഏജൻസി/സ്ഥാപനം ആണ് വാഗ്ദാനം നൽകിയിട്ടുള്ളത് ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഗ്ലോബൽ എൻവയോൺ-മെന്റൽ ഫെസിലിറ്റിയുടെ 6.27 Million US $ (ഉദ്ദേശം 35 കോടി രൂപ) ധനസഹായമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്.

(ഡി) സാമ്പത്തിക സഹായത്തിന്റെ വ്യവസ്ഥകൾ വിശദമാക്കുമോ ; ഈ വ്യവസ്ഥകൾ അംഗീകരിച്ച് സംസ്ഥാന സർക്കാർ കരാർ ഒപ്പിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഐക്യരാഷ്ട്ര സംഘടനയുടെ ഘടകസംഘടനയായ United Nations Development Programme മുഖേന, ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റിയിൽ നിന്നും ധനസഹായം 100% ഗ്രാന്റായാണ് ലഭിക്കുന്നത്. ഇതിന് പ്രത്യേക വ്യവസ്ഥകളൊന്നും ഇല്ല.

പദ്ധതി നടപ്പിലാക്കുമ്പോൾ കാലാകാലങ്ങളിൽ പദ്ധതി പുരോഗതി വിലയിരുത്തണമെന്നും, പദ്ധതി

നടത്തിപ്പിലേക്കൊരുക്കുന്ന സൗകര്യങ്ങളുടെ പൂർണ്ണ സുരക്ഷയുറപ്പാക്കണമെന്നും, UNDP-യിൽ നിന്നും ലഭ്യമാകുന്ന ധനസഹായമുപയോഗിച്ച് തീവ്രവാദ ബന്ധമുള്ള വ്യക്തികളേയോ ഏജൻസികളേയോ സഹായിക്കാൻ പാടില്ലെന്നും, വർഷം തോറുമുള്ള പദ്ധതി ചെലവു വിവരങ്ങൾ ആഡിറ്റ് ചെയ്യണമെന്നും UNDP യെ അറിയിക്കണമെന്നുമുള്ള പൊതു വ്യവസ്ഥകളാണ് പദ്ധതിരേഖയിൽ വ്യക്തമാക്കി-യിട്ടുള്ളത്.

പദ്ധതിരേഖ സംസ്ഥാന സർക്കാരിനുവേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ് 15.05.2014 തീയതിയിൽ ഒപ്പിടുകയും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് അയയ്ക്കുകയും, കേന്ദ്ര സർക്കാർ ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ആരെങ്കിലും വിദേശയാത്ര നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണ് വിദേശയാത്ര നടത്തിയത്; എവിടെയാണ് യാത്ര ചെയ്തത്; ചെലവ് ആരാണ് വഹിച്ചത്; വിശദാംശം നൽകാമോ?

(ഇ) ഉണ്ട്. പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തു നിന്നും ചീഫ് സെക്രട്ടറി ശ്രീ.ഇ.കെ.ഭരത് ഭൂഷന്റെ നേതൃത്വത്തിൽ താഴെ പറയുന്ന ഉദ്യോഗസ്ഥർ സിഡ്നിയിലേക്ക് യാത്ര നടത്തുകയുണ്ടായി.

| | |
|---|---|
| 1. ശ്രീ.പി.കെ.മൊഹന്തി | അഡീ. ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്. |
| 2. ശ്രീ.ജി.ഹരികുമാർ | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ |
| 3. ശ്രീ.സുബ്രതോ ബിശ്വാസ് | പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക വർഗ്ഗ വികസന വകുപ്പ്. |
| 4. ഡോ.രാജൻ ഖോബ്രാഗഡെ | സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് |
| 5. ഡോ.അമിത് മല്ലിക് | ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം |
| 6. ശ്രീ.സഞ്ജയൻ കുമാർ | ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്വ് |
| 7. ശ്രീ.അജിത് പാട്ടീൽ | ജില്ലാ കളക്ടർ, ഇടുക്കി |
| 8. ശ്രീ.എം.റ്റി.തോമസ് | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഇടുക്കി. |
| 9. ശ്രീ.എൽദോസ് കുന്നിപ്പള്ളി | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, എറണാകുളം. |

പദ്ധതി നടപ്പാക്കാൻ സഹായിക്കുന്ന, ഐക്യരാഷ്ട്ര സഭയുടെ ഘടക സംഘടനയായ, യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം ആണ് ഈ സന്ദർശനത്തിന്റെ ചെലവ് വഹിച്ചത്.

സെക്ഷൻ ഓഫീസർ.